## കേരളസർക്കാർജലസേചന വകുപ്പ്
## ലഘു-ദർഘാസ് പരസ്യം

നമ്പർ. 08/എഇഇ/2017-18 　　　　　　　　　　　　　　　　　　തിയ്യതി: 26.03.2018

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഇറിഗേഷൻ സബ്ബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള ജലസേചന/ പൊതുമരാമത്ത് വകുപ്പിന്റെ റജിസ്ട്രേഷൻ ഉള്ള അർഹരായ കരാറുകാരിൽ നിന്നും പണിയുടെ പേരെഴുതി മുദ്ര വച്ച പ്രത്യേകം കവറുകളിൽ മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ടി. ദർഘാസുകൾ താഴെ പറയുന്ന ദിവസം ഉച്ച കഴിഞ്ഞ് 3.00-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അന്നേ ദിവസം സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഓരോ പണിയുടേയും ദർഘാസുകൾ പ്രത്യേകം പ്രത്യേകം കവറുകളിൽ സമർപ്പിക്കേതാണ്. പ്രോജക്റ്റ്-2 ചീഫ് എഞ്ചിനീയറുടെ 18/06/2004 ലെ സർക്കുലർ നമ്പർ 3759/04/CIR അനുസരിച്ച് ഇനി മുതൽ ഇന്ത്യൻ തപാൽ വകുപ്പ് റജിസ്റ്റേഡ്/ സ്പീഡ് പോസ്റ്റ് മുഖേന ലഭിക്കുന്ന ദർഘാസുകൾ മാത്രമേ സ്വീകരിക്കുകയുള്ളു. ദർഘാസുകൾ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായാൽ അടുത്ത പ്രവൃത്തി ദിവസം അവസാന തിയ്യതിയായി കണക്കാക്കേണ്ടതാണ്. തപാലിൽ വരാവുന്ന കാലതാമസത്തിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ദർഘാസ് ഫോറങ്ങളുടെ വിൽപ്പനയും, ദർഘാസ് തപാലിൽ സ്വീകരിക്കുന്നതും തുറക്കുന്നതുമായ തിയ്യതികളും താഴെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് പ്രമാണ ത്തിന്റെവില | കരാറു കാരന്റെ ക്ലാസ് | പ്രവർത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|
| 1 | 15/2017-18 | പീച്ചി പദ്ധതി -2017-18 ഒല്ലൂക്കര ബ്രാഞ്ച് കനാലിൽ ചെയിനേജ് 13/400 മുതൽ 14/400 വരെയുള്ള അടിഞ്ഞു കിടക്കുന്ന മണ്ണ് നീക്കം ചെയ്യലും വെള്ളക്കെട്ട് ഒഴിവാക്കലും. | 85,000/ | 2150/ | 500+ ജി.എസ്.ടി | ഡി യും അതിനു മുകളിലും | 6 മാസം |

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന തിയ്യതിയും സമയവും : 31/03/2018 ഉച്ചയ്ക്ക് 1.00മണിവരെ.

പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയ്യതിയും സമയവും : 07/04/2018 ഉച്ചയ്ക്ക് 2.30 മണിവരെ

ദർഘാസ് തുറക്കുന്ന തിയ്യതിയും സമയവും : 07/04/2018 ഉച്ചയ്ക്ക് 3.00 മണി.

ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. ദർഘാസ് പ്രമാണങ്ങളുടെ വില 0701-01-800-99-മറ്റു വരവുകൾ എന്ന ശീർഷകത്തിലും ചരക്കു സേവന നികുതി 6% വീതം 0006-00-101-01-CGST, 8658-00-102-96-38-SGST എന്ന ശീർഷകത്തിലും പ്രത്യേകം പ്രത്യേകം ചലാനുകളിൽ ട്രഷറിയിൽ ഒടുക്കി ചലാൻ രശീതി സഹിതം അപേക്ഷിക്കുന്ന നിശ്ചിത വിഭാഗം കരാറുകാർക്ക് താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും അവസാന വിൽപ്പന ദിവസം ഉച്ചക്ക് ഒരു മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ കൈമാറാൻ പാടുള്ളതല്ല. കേരള ജലസേചന/ പൊതുമരാമത്ത് വകുപ്പിൽ ദർഘാസ് സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ദർഘാസുകളോടൊപ്പം 200 രൂപ വിലയുള്ള മുദ്ര കടലാസിൽ തയ്യാറാക്കിയ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിരിക്കേണ്ടതാണ്. പ്രാഥമിക ഉടമ്പടിയുടെ മാതൃക ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പൂർണ്ണമായും പൂരിപ്പിച്ച പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യമായി എടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/ കിസാൻ വികാസ് പത്ര, നാഷണലൈസ്ഡ്/ ഷെഡ്യൂൾ ബാങ്ക് രസീതുകൾ എന്നിവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പണയപ്പെടുത്തിയിരിക്കേണ്ടതും ആവശ്യമായ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിടേണ്ടതുമാണ്. (ഇന്ദിരവികാസ് പത്രങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങളിലെ രസീതുകൾ എന്നിവ നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല). തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം അവരുടെ കൈവശമുള്ള എല്ലാ ജോലികളുടേയും വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണസംഘം അസിസ്റ്റന്റ് റജിസ്ട്രാറുടെ സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. കേരള നിർമ്മാണ തൊഴിലാളിക്ഷേമനിധി നിയമത്തിന്റെ 8/3 വകുപ്പ് ഈ ദർഘാസിനും ബാധകമായിരിക്കും.

Date

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, ഇറിഗേഷൻ സബ്ബ് ഡിവിഷൻ,
തൃശ്ശൂർ - 680020

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ
(കേരള ഗവർണ്ണർക്കു വേണ്ടി)

ജലസേചന വകുപ്പ്

ദർഘാസ് പരസ്യം

വിൻഡോ നം. 08/എഇഇ/2017-18 തിയ്യതി.26.03.2018

അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ

ഇറിഗേഷൻ സബ് ഡിവിഷൻ

തൃശ്ശൂർ-680020
ഫോൺ- 04872322780

പീച്ചി പദ്ധതി -2017-18 ഒല്ലൂക്കര ബ്രാഞ്ച് കനാലിൽ ചെയിനേജ് 13/400 മുതൽ 14/400 വരെയുള്ള അടിഞ്ഞുകിടക്കുന്ന മണ്ണ് നീക്കം ചെയ്യലും വെള്ളക്കെട്ട് ഒഴിവാക്കലും.

അടങ്കൽ തുക: 85,000/

| | |
|---|---|
| ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്ന അവസാന തിയ്യതി | 31.03.2018 ഉച്ചയ്ക്ക് 1 മണിവരെ |

ദർഘാസ്വില: 500/ രൂപ + ജി.എസ്.ടി

| | |
|---|---|
| ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയ്യതി | 07.04.2018 ഉച്ചയ്ക്ക് 2.30 മണിവരെ |

നിരതദ്രവ്യം: 2,150/ രൂപ

ദർഘാസുകൾ സ്വീകരിക്കുന്നത് ഇന്ത്യൻ തപാൽരജിസ്റ്റേഡ് /
സ്പീഡ് പോസ്റ്റ്വഴി മാത്രം

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date ..........................
DIVISION TRICHUR

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇറിഗേഷൻ സബ് ഡിവിഷൻ, തൃശ്ശൂർ
ASSISTANT EXECUTIVE ENGINEER
IRRIGATION SUB DIVISION,
THRISSUR.